File No.FWLD-B2/91/2017-FWLD

4523
3/8/18

കേരള സർക്കാർ

സംഗ്രഹം

ശ്രീ.പി.റ്റി.പ്രശാന്ത്, തയ്യിൽ ഹൗസ്, ചേലാവൂർ പി.ഒ, കോഴിക്കോട് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C)No.18142/2017-ൽ ബഹു. ഹൈക്കോടതി 01.06.2017-ൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./98/2018/വനം തീയതി,തിരുവനന്തപുരം, 01/03/2018

പരാമർശം:- 1) ശ്രീ.പി.റ്റി.പ്രശാന്ത്, കോഴിക്കോട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 18142/2017-ൽ 01.06.2017-ൽ കോടതി പുറപ്പെടുവിച്ച വിധിന്യായം.

2) ശ്രീ.പി.റ്റി.പ്രശാന്ത്, കോഴിക്കോട് സർക്കാരിൽ സമർപ്പിച്ച 29.06.2017-ലെ റിവിഷൻ പെറ്റീഷൻ

3) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ 15.04.2017-ലെ P.2461/2017 നമ്പർ നടപടി ഉത്തരവ്.

4) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ 25.01.2018-ലെ FC6-447121/2017 നമ്പർ കത്ത്

## ഉത്തരവ്

ശ്രീ.പി.റ്റി.പ്രശാന്ത്, തയ്യിൽ ഹൗസ്, ചേലാവൂർ പി.ഒ, കോഴിക്കോടിന്റെ ഉടമസ്ഥതയിലുള്ള ചേലാവൂർ വുഡ് ഇൻഡസ്ട്രീസ് എന്ന സാമില്ലിന്റെ കപ്പാസിറ്റി 19HP യിൽ നിന്ന് 50 HP ആയി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ WP(C)18142/2017 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 01.06.2017-ൽ പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിൽ ശ്രീ.പി.ടി.പ്രശാന്തിനോട് സർക്കാരിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുവാനും, ടി റിവിഷൻ പെറ്റീഷനിൽ അപേക്ഷകനെ നേരിൽ കേട്ടശേഷം രണ്ടുമാസത്തിനകം തീരുമാനമെടുക്കണമെന്നും ബഹു കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

2) ബഹു. ഹൈക്കോടതിയുടെ പരാമർശം (1)-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 16.08.2017-ൽ ഹിയറിംഗിനു ഹാജരാകുവാൻ ശ്രീ.പ്രശാന്തിന് നിർദ്ദേശം നൽകുകയും, ശ്രീ.പ്രശാന്ത് അഡ്വക്കേറ്റിനൊപ്പം ഹാജരാകുകയും ചെയ്തു. അഡീഷണൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റും അതേ ദിവസം ഹിയറിംഗിൽ പങ്കെടുത്തു.

3) ശ്രീ.പ്രശാന്തിന്റെ വാദഗതികൾ താഴെ പറയുന്നു.

ചേലാവൂർ വുഡ് ഇൻഡസ്ട്രീസ് ശ്രീ.ശ്രീനിവാസന്റെ ഉടമസ്ഥതയിൽ 1988 മുതൽ പ്രവർത്തിച്ചു വരുന്നതാണ്. ആ സമയത്ത് 50 HP മെഷീൻ പ്രവർത്തിച്ചിരുന്നു. Factories and Boilers Certificate ൽ നിന്നും ആയത് മനസ്സിലാകുന്നതാണ്. എന്നാൽ 2010-ൽ ശ്രീ.ശ്രീനിവാസന് വനം വകുപ്പിൽ നിന്ന് നൽകിയ NOC Resaw 15 HP - 1 എണ്ണം, Plainer - 3 HP -1 എണ്ണം Grinder 1 HP – 1എണ്ണം എന്നീ മെഷീനുകൾക്കാണ്. എന്നാൽ Kerala

Forest (Regulation of Sawmills and Others Wood based Industries) Rules 2012, ചട്ടം 4 പ്രകാരം 50 HP ക്കുള്ള അർഹത ചേലാവൂർ ഇൻഡസ്ട്രീസിനുണ്ട്. കൂടാതെ Kerala Forest (Regulation of Sawmills and Other wood Industries) Rules 2012 09.09.2015 ലാണ് നിലവിൽ വന്നത്. പ്രസ്തുത റൂൾസിലെ റൂൾ '4' പ്രകാരം Factories & Boilers ന്റെ N O C യുടെ അടിസ്ഥാനത്തിൽ 40 HP അനുവദിക്കാവുന്നതാണ്. എന്നാൽ ടി റൂൾ നിലവിൽ വരുന്നതിനു മുൻപേ അതായത് 20.02.2010 ലാണ് State Level Committeeടെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ഡി.എഫ്.ഒ, കോഴിക്കോടിന്റേയും, സി.സി.എഫ് നോർത്തേൺ സർക്കിൾ, കണ്ണൂരിന്റേയും ഉത്തരവുകൾ പിൻവലിച്ച് സാമില്ലിന്റെ കപ്പാസിറ്റി 19HP-ൽ നിന്ന് 40 HP ആയി ഉയർത്തുവാൻ അനുമതി നൽകണം.

4) വനം വകുപ്പ് അസിസ്റ്റന്റ് ചീഫ് കൺസർവേറ്റർ താഴെ പറയും പ്രകാരം അറിയിച്ചു.

ശ്രീ.പി.റ്റി.ശ്രീനിവാസൻ M/s.ചേലാവൂർ വുഡ് വർക്ക്സ് കോഴിക്കോട് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുൻപാകെ എൻ.ഒ.സി ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി അപേക്ഷയിന്മേൽ 25.05.2009-ൽ അപേക്ഷയിൽ പറയുന്ന സ്ഥാപനം WBI/SLC/നമ്പർ 1497 ഫയൽ പ്രകാരം വനം വകുപ്പിലെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പരിശോധന സമയത്ത് സ്ഥാപനത്തിലുണ്ടായിരുന്നത് 15 എച്ച് പിയുടെ Resaw 1 എണ്ണം, 3 എച്ച്.പി.യുടെ Plainer 1 എണ്ണം, 1 എച്ച്.പിയുടെ Grinder 1 എണ്ണം മെഷീനുകൾ മാത്രമാണ്. പരിശോധന റിപ്പോർട്ടിൽ ശ്രീ.പി.റ്റി.ശ്രീനിവാസൻ അന്നേ ദിവസം തന്നെ ഒപ്പിട്ട് നൽകിയിട്ടുള്ളതും പകർപ്പ് കൈപ്പറ്റിയിട്ടുള്ളതുമാണ്. 25.05.2009-ൽ വനം വകുപ്പിലെ ഒരു അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഇക്കാര്യം വെരിഫൈ ചെയ്തിട്ടുള്ളതും മേൽ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഫ്.സി3-4207/2008 തീയതി 20.10.2010-ൽ റീസോ 15 എച്ച്.പി 1 നമ്പർ പ്ലയിനർ 3 എച്ച്.പി - 1 എണ്ണം ഗ്രൈയിന്റർ 1 എച്ച്.പി 1-എണ്ണം എന്നിങ്ങനെ ആകെ 19 എച്ച്.പിയ്ക്ക് എൻ.ഒ.സി അനുവദിച്ചിട്ടുള്ളതുമാണ്. 19.02.2016-ൽ ശ്രീ.പി.റ്റി.ശ്രീനിവാസൻ സാമില്ലിന്റെ കപ്പാസിറ്റി ഉയർത്തി കിട്ടുന്നതിനുവേണ്ടി ഓതറൈസ്ഡ് ഓഫീസറായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ അപേക്ഷ പ്രകാരം 25 എച്ച്പി യുടെ ഒരു ബാൻസോ കൂടി ഉള്ളതായി കാണുന്നു. എന്നാൽ 25.05.2009-ൽ പരിശോധന സമയത്ത് ഇല്ലാതിരുന്ന ബാൻസോ എപ്രകാരം ഇൻസ്റ്റാൾ ചെയ്തുവെന്നും ഇതിനായി ആരിൽനിന്നും അനുമതി തേടിയിരുന്നു എന്നും വ്യക്തമായിട്ടില്ല. Kerala Forest (Regulation of Sawmills and Other wood based Industrial Units) Rules 2012 പ്രകാരം ലൈസൻസ് അനുവദിക്കുന്നതും പുതുക്കുന്നതിനും ഉള്ള അധികാരം അതാത് ഓതറൈസ്ഡ് ഓഫീസറിൽ നിഷിപ്തമാണ്. എസ്.എൽ.പി(സി) നമ്പർ 202/1995 കേസിൽ ബഹു.സുപ്രീംകോടതി വിധി അനുസരിച്ച് Kerala Forest (Regulation of Saw Mills and Other Wood Based Industrial Units) Rules 2012, Kerala Forest (Regulation of Saw Mills and Other wood Based Industrial Units) Amendment Rules 2015 എന്നിവ പ്രകാരം 30.10.2002-ന് മുൻപ് നിലവിലുണ്ടായിരുന്ന കപ്പാസിറ്റി ഉപകരണങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകുവാൻ നിർവ്വാഹമുള്ളൂ. മേൽ ചട്ടത്തിലെ

12,9 ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ അധികം പവർ അനുവദിക്കാൻ കഴിയൂ. മാത്രവുമല്ല 25.05.2009-ൽ പരിശോധന സമയത്ത് ഉണ്ടായിരിക്കുകയും, പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് കൈപ്പറ്റുകയും ചെയ്തിട്ട് 2016-ൽ ഇത്തരം ഒരു പരാതിയുമായി വന്ന സാഹചര്യവും വ്യക്തമല്ല. മേൽ സാഹചര്യങ്ങളിൽ നിന്നും 30.10.2002-ന് മുൻപ് 1 9 എച്ച്.പി കപ്പാസിറ്റിയിലാണ് M/s ചെലവൂർ വുഡ് വർക്ക്സ് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നത് എന്ന് അനുമാനിക്കാവുന്നതാണ്. ആകയാൽ ഓതറൈസ്ഡ് ഓഫീസറുടെയും അപ്പലേറ്റ് അതോറിറ്റിയുടെയും ഉത്തരവ് ശരിയാണെന്ന് കാണുന്നു.

5) ശ്രീ. പ്രശാന്തിന്റെ വാദഗതികൾ വനം വകുപ്പിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെയും സർക്കാരിൽ നിലവിലുള്ള വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.പി.റ്റി.ശ്രീനിവാസന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന ചേലാവൂർ വുഡ് ഇൻഡസ്ട്രീസ് 30.10.2002ന് മുൻപ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Factories and Boilers അനുവദിച്ച NOC-ൽ നിന്ന് ടി സ്ഥാപനത്തിന് 37.3 KW പരമാവധി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നും കാണുന്നു. 26.05.2009-ൽ വനം വകുപ്പ് നടത്തിയ പരിശോധന പ്രകാരം നൽകിയ verification report-ൽ ടി സ്ഥാപനത്തിൽ 15 HP Resaw, Plainer -3 HP, Grinder Machine – 1HP എന്നീ മെഷീനുകൾപ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 20.02.2010-ൽ നൽകിയിരിക്കുന്ന NOC-ൽ ശ്രീ.ശ്രീനിവാസൻ 20.05.2008-ൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിമുൻപാകെ നൽകിയ അപേക്ഷയിലും മേൽപറഞ്ഞ മെഷീനുകൾമാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ Factories and Boilers ന്റെ സർട്ടിഫിക്കറ്റ് 37.3KW പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിരുന്നിട്ടും ടിയാൻ 19 HP മാത്രമേ പ്രവർത്തിപ്പിച്ചിരുന്നുള്ളൂ എന്ന് മനസ്സിലാക്കാം. ശ്രീ.പ്രശാന്തിന് ടി മിൽ കൈമാറിയ സമയത്ത് 19 HP മാത്രമേ ടി സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്നുള്ളൂ എന്ന് മേൽ സർട്ടിഫിക്കറ്റിൽ നിന്ന് കാണാവുന്നതാണ്. ആയതിനാൽ നോർത്തേൺ സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15.04.2017-ലെ ഉത്തരവ് പുന:പരിശോധിക്കേണ്ട ആവശ്യമില്ല.

6) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.പി.ടി പ്രശാന്ത്, തയ്യിൽ ഹൗസ്, ചേലാവൂർ പി.ഒ, കോഴിക്കോട് സർക്കാരിൽ സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള റിവിഷൻ പെറ്റീഷൻ നിരസിച്ചുകൊണ്ടും, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (3)ലെ ഉത്തരവ് നിലനിർത്തിക്കൊണ്ടും ഉത്തരവാകുന്നു.

7)മേൽ പ്രകാരം പരാമർശം (1)-ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പി.റ്റി.പ്രശാന്ത്, തയ്യിൽ ഹൗസ്, ചേലാവൂർ പി.ഒ, കോഴിക്കോട്

അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, നോർത്തേൺ സർക്കിൾ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ